പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 54

06.02.2013 ൽ മറുപടിക്ക്

## അക്ഷയ കേന്ദ്രങ്ങളിലൂടെ നൽകുന്ന സേവനങ്ങൾക്ക് അമിത ഫീസ്

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. മാത്യു റ്റി. തോമസ്**<br>**ശ്രീമതി. ജമീലാ പ്രകാശം**<br>**ശ്രീ. ജോസ് തെറ്റയിൽ**<br>**ശ്രീ. സി.കെ. നാണു.** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവര സാങ്കേതികവും വകുപ്പു മന്ത്രി)** |
| (എ) അക്ഷയ കേന്ദ്രങ്ങളിലൂടെ നൽകുന്ന സേവനങ്ങൾക്ക് അമിത ഫീസ് ഈടാക്കുന്നു എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള പരാതികൾ ഒഴിവാക്കുന്നതിലേക്കും അക്ഷയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്ന തിനും വേണ്ടി അക്ഷയ വഴി നൽകുന്ന സേവനങ്ങൾക്ക് ഈടാക്കുന്ന ചാർജ്ജുകൾ എല്ലാ അക്ഷയ കേന്ദ്രങ്ങളിലും പ്രദർശിപ്പിക്കുവാനും രസീത് നൽകുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ അക്ഷയ വഴി നൽകുന്ന സേവനങ്ങളും സേവനങ്ങൾക്ക് ഈടാക്കുന്ന ചാർജ്ജുകളും അക്ഷയുടെ വെബ്സൈറ്റായ www.akshaya.kerala.gov.in ലും ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) സർക്കാർ ഓഫീസുകൾ വഴി കിട്ടിക്കൊണ്ടിരിക്കുന്ന സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ വഴി ആക്കിയതിനുശേഷം കൂടുതൽ കാലതാമസം ഉണ്ടാകുന്നതെന്തെന്ന് വിശദമാക്കുമോ; | (ബി) സർക്കാർ ഓഫിസുകൾ വഴി കിട്ടുന്ന സേവനങ്ങൾക്കായുള്ള അപേക്ഷ ഓൺലൈനായി സ്വീകരിക്കുകയും അപ്രകാരം സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ ബന്ധപ്പെട്ട ഓഫീസുകൾ ലഭ്യമാക്കുന്ന സേവനങ്ങൾ (ഇ-ഡിസ്ട്രിക്റ്റ് പദ്ധതി പ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ മുതലായവ) പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയുമാണ് അക്ഷയ കേന്ദ്രങ്ങൾ ചെയ്തു വരുന്നത്. ഇപ്രകാരം അക്ഷയ കേന്ദ്രങ്ങളിലുടെ സമർപ്പിക്കുന്ന അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിക്കുന്നത് അതാത് സർക്കാർ ഓഫിസുകൾ തന്നെയാണ്. അക്ഷയയിൽ ഓൺലൈനായി അപേക്ഷ സ്വീകരിക്കുന്നതിലും ബന്ധപ്പെട്ട ഓഫീസുകൾ ലഭ്യമാക്കുന്ന സേവനങ്ങൾ പൊതുജനങ്ങൾക്ക് എത്തിക്കുന്നതിലും കാലതാമസം ഉണ്ടാകാറില്ല. |

| | | | |
|---|---|---|---|
| (സി) | അക്ഷയ കേന്ദ്രങ്ങളെ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; | (സി) & (ഡി) | സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി ബോഡീസ് എന്നിവയ്ക്ക് മാത്രമാണ് സേവനാവകാശ നിയമം ബാധകമായിട്ടുള്ളത്. അക്ഷയ സംരംഭകൻ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന സേവനദാതാവല്ല. ആയതിനാൽ അക്ഷയ കേന്ദ്രങ്ങളെ സേവനാവകാശ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ഡി) | അപ്രകാരം സാധിക്കുന്നില്ല എങ്കിൽ അക്ഷയ കേന്ദ്ര ങ്ങൾക്ക് കൈമാറ്റം ചെയ്ത സേവനങ്ങളുടെ കാര്യത്തിൽ സേവനാവകാശ നിയമം പ്രായോഗികമാക്കാൻ നടപടി സ്വീകരിക്കുമോ; | | |

സെക്ഷൻ ഓഫീസർ.